# വിവാഹിതയുടെ ഹജ്ജ്

***വിവാഹിതയായ സ്ത്രീയുടെ ഹജ്ജിന്റെ ചെലവ് വഹിക്കേണ്ടതാരാണ്; സ്ത്രീയോ ഭർത്താവോ?***

ഭാര്യയെക്കൊണ്ട് ഹജ്ജ് ചെയ്യിപ്പിക്കേണ്ട നിയമപരമായ ബാധ്യത ഭർത്താവിനില്ല. സ്ത്രീയാകട്ടെ, പുരുഷനാകട്ടെ ഒരു മുസ്‌ലിമിന് സ്വന്തം ധനം കൊണ്ട് സ്വയം ഹജ്ജ് ചെയ്യേണ്ട ബാധ്യതയേയുള്ളൂ. എന്നാൽ ഭർത്താവിന് ഭാര്യയെകൂടി ഹജ്ജ് ചെയ്യിപ്പിക്കാനുള്ള സാമ്പത്തിക ശേഷിയുണ്ടെങ്കിൽ അങ്ങനെ ചെയ്യുന്നത് ഉത്കൃഷ്ട സ്വഭാവവും ഭാര്യയോട് നല്ല നിലയിൽ വർത്തിക്കുന്നതിൽപെട്ടതുമാണ്. ഭർത്താവ് ഹജ്ജിനു പോകുന്നുണ്ടെങ്കിൽ കഴിയുമെങ്കിൽ ഭാര്യയെ കൂടി കൊണ്ടുപോവുകയാണ് വേണ്ടത്. പക്ഷേ, ഭർത്താവിന് അത് നിർബന്ധമല്ലെന്നു മാത്രം.

*ഡോ. യൂസുഫുൽ ഖറദാവി*

## ഭർത്താവിന്റെ പണമെടുക്കാമോ?

***ഭർത്താവറിയാതെ ഭാര്യ അദ്ദേഹത്തിന്റെ പണമെടുത്ത് ജോലി ചെയ്യാത്ത മകന് നൽകുന്നത് അനുവദനീയമാണോ?***

ഭർത്താവിന്റെ അനുമതിയില്ലാതെ അദ്ദേഹത്തിന്റെ പണം ചെലവഴിക്കാൻ ഭാര്യക്ക് അനുവാദമില്ല. ചെലവഴിക്കുന്നത് അദ്ദേഹത്തിന്റെ മക്കൾക്കാണെങ്കിലും ശരി. എന്നാൽ മക്കൾ ചെറിയ കുട്ടികളും പിതാവ് അവരുടെ അത്യാവശ്യങ്ങൾ അവഗണിക്കുകയുമാണെങ്കിൽ അനുമതിയില്ലാതെത്തന്നെ അദ്ദേഹത്തിന്റെ പണമെടുത്ത് മാതാവിന് മക്കൾക്കു വേണ്ടി ചെലവഴിക്കാം.

ജോലിചെയ്യാതെ അലസനായി നടക്കുന്ന മകന് ഉമ്മ പിതാവറിയാതെ അദ്ദേഹത്തിന്റെ പണം നൽകാൻ പാടില്ല. മകൻ ഉത്തരവാദിത്വങ്ങൾ നിർവഹിച്ചു പഠിക്കണമെന്ന് ഉദ്ദേശിച്ച് പിതാവ് നൽകുന്ന നിർദേശങ്ങൾ മാതാവ് പാലിക്കേണ്ടതുണ്ട്. കുടുംബനാഥൻ എന്ന നിലയിൽ മകനെ സ്വയം പര്യാപ്തനാക്കിത്തീർക്കേണ്ട ബാധ്യത അദ്ദേഹത്തിനുണ്ടല്ലോ.

രോഗം മൂലം ജോലി ചെയ്യാൻ കഴിയാത്തതിനാലോ സാമ്പത്തിക പ്രയാസം മൂലമോ മകൻ സകാത്തിനർഹനായിത്തീർന്നിട്ടുണ്ടെങ്കിൽ മാതാവിന് അവന് സകാത്ത് നൽകാവുന്നതാണ്. മാതാവിന് തന്റെ സ്വന്തം പണവും മകന് നൽകാം.

*ശൈഖ് അബ്ദുസ്സത്താർ ഫത്ഹുല്ലാ സഈദ്*
(ഈജിപ്ഷ്യൻ പണ്ഡിതൻ)
(*അൽ മുജ്തമഅ്* വാരികയിൽനിന്ന്)

## പഠനം മൂലം നമസ്കാരം നഷ്ടപ്പെടുന്നു

***ഞാൻ ഇസ്‌ലാം സ്വീകരിച്ച ഒരു യുവതിയാണ്. ആൺകുട്ടികളും പെൺകുട്ടികളുമുള്ള ഒരു സ്ഥാപനത്തിൽ പഠിക്കുന്നു. വൈകുന്നേരമാണ് ക്ലാസ്. മഗ്‌രിബ് ബാങ്കിനു മുമ്പ് ആരംഭിക്കുന്ന ക്ലാസ്സുകൾ മുഴുവൻ തീരുമ്പോഴേക്ക് ഇശാഅ് നമസ്കാരത്തിന്റെ സമയമായിട്ടുണ്ടാകും. അതിനാൽ മഗ്‌രിബ് അസ്വ്‌റിന്റെ സമയത്തോ ഇശാഇന്റെ സമയത്തോ നിർവഹിക്കാനേ കഴിയൂ. സ്ത്രീയായതിനാൽ പുരുഷന്മാരാരും കാണാത്ത സ്വകാര്യ സ്ഥലത്തു വെച്ച് മാത്രമേ എനിക്ക് നമസ്കരിക്കാൻ പറ്റുകയുള്ളൂ എന്നാണ് ഞാൻ മനസ്സിലാക്കിയിട്ടുള്ളത്. പക്ഷേ, അത്തരത്തിലൊരു സ്ഥലം ഞാൻ പഠിക്കുന്ന സ്ഥാപനത്തിലില്ലാത്തതാണ് പ്രശ്നം. ഞാൻ എന്തുചെയ്യും?***

നിങ്ങൾക്ക് നമസ്കരിക്കാൻ പറ്റിയ ഒരു സ്ഥലം തരാൻ സ്ഥാപന അധികൃതരോട് ചോദിക്കുകയാണ് ഏറ്റവും നല്ല മാർഗം. ലഭിച്ചില്ലെങ്കിൽ വൃത്തിയുള്ള ഏതു സ്ഥലത്തുവെച്ചും നമസ്കരിക്കാം. ഒഴിഞ്ഞ വല്ല മൂലയിലും നമസ്കരിക്കുക. പുരുഷന്മാർ കണ്ടാലോ എന്ന ഭീതി വേണ്ട. ക്ലാസ്സിൽ സമയത്തുതന്നെ ഹാജരാവുക. സമയം ക്രമീകരിച്ച് ഓരോ നമസ്കാരവും അതതിന്റെ സമയത്തു തന്നെ നിർവഹിക്കാൻ ശ്രമിക്കുക. അത് സാധ്യമല്ലെങ്കിൽ മഗ്‌രിബും ഇശാഉം ചേർത്ത് നമസ്കരിക്കാൻ തീരുമാനിച്ച് മഗ്‌രിബ് നമസ്കാരം ഇശാഅ് വരെ പിന്തിക്കുക. ന്യായമായ ആവശ്യമുള്ളപ്പോഴുള്ള ഇളവാണിത്. മഗ്‌രിബ് അസ്വ്‌റിന്റെ കൂടെ ചേർത്ത് നമസ്കരിക്കാൻ അനുവാദമില്ല; ഇശാഇനോടൊപ്പമേ ചേർത്ത് നമസ്കരിക്കാവൂ.

**സൈനബ് അൽവാനി,**
**ഇന്റർനാഷനൽ ഇസ്‌ലാമിക് യൂനിവേഴ്സിറ്റി, മലേഷ്യ**

## ഖുൽഅ് ചെയ്യാമോ?

***എന്റെ വിവാഹം കഴിഞ്ഞിട്ട് 14 വർഷമായി. പക്ഷേ, ഒരിക്കൽ പോലും ഭർത്താവിനെ ഭർത്താവെന്ന നിലയിൽ സ്നേഹിക്കാൻ എനിക്ക് കഴിഞ്ഞിട്ടില്ല. ഭർത്താവും ഞാനും ഒന്നിച്ച് വളർന്നവരാണ്. അതുകൊണ്ടുതന്നെ ആങ്ങളയെപ്പോലെയേ അദ്ദേഹത്തെ കണ്ടിരുന്നുള്ളൂ. അദ്ദേഹത്തോട് എനിക്ക് ഒട്ടും ലൈംഗിക താൽപര്യമില്ല. അതിനാൽ അദ്ദേഹത്തെ എനിക്ക് ഖുൽഅ് (വിവാഹമോചനം) ചെയ്യാൻ പറ്റുമോ?***

ഫിത്ന(കുഴപ്പം) ഭയപ്പെടുകയും മറ്റു പുരുഷന്മാരെക്കുറിച്ച് ചിന്തിക്കാൻ തുടങ്ങുകയും ചെയ്തതാണ് നിങ്ങളുടെ മുഖ്യപ്രശ്നമെങ്കിൽ നിങ്ങൾക്ക് ഖുൽഅ് (വിവാഹമോചനം) ആവശ്യപ്പെടാൻ അവകാശമുണ്ട്. ലൈംഗികാഭിലാഷങ്ങളുടെ പൂർത്തീകരണം വിവാഹത്തിലേർപ്പെടുന്ന സ്ത്രീയുടെയും പുരുഷന്റെയും അവകാശമാണ്. ആ അവകാശം ഹനിക്കപ്പെടുകയാണെങ്കിൽ വിവാഹമോചനത്തിലൂടെ സമാധാനപൂർണമായ പരിഹാരം തേടാം. എങ്കിലും കരുതലോടെ മാത്രം ആ നടപടിക്ക് മുതിരുക; നിങ്ങൾക്ക് മക്കളുണ്ടെങ്കിൽ പ്രത്യേകിച്ചും.

**– സൈനബ് അൽവാനി**

## ആഭരണത്തിൽ അനന്തരാവകാശമുണ്ടോ?

***എന്റെ ഉമ്മ മരിച്ചു. സ്വർണാഭരണങ്ങളല്ലാതെ മറ്റു യാതൊരു സ്വത്തും മരണപ്പെടുമ്പോൾ ഉമ്മയുടേതായി ഇല്ലായിരുന്നു. ഈ ആഭരണങ്ങളിൽ അനന്തരാവകാശ നിയമം ബാധകമാണോ? പുരുഷന്മാരായ അനന്തരാവകാശികൾക്കും ആഭരണങ്ങളുടെ വിഹിതം നൽകേണ്ടതുണ്ടോ?***

മരണപ്പെടുന്നവർ വിട്ടേച്ചുപോകുന്ന മൂല്യമുള്ള ഏത് വസ്തുവിലും അനന്തരാവകാശ നിയമം ബാധകമാണ്. അനന്തരാവകാശികൾക്കിടയിൽ ഓരോരുത്തരുടെയും നിയമപ്രകാരമുള്ള വിഹിതമനുസരിച്ച് അത് വിതരണം ചെയ്യണം. ഭൂസ്വത്ത്, പണം, ആഭരണം തുടങ്ങിയവക്കെല്ലാം അനന്തരാവകാശ നിയമം ബാധകമാണ്. അതിനാൽ നിങ്ങളുടെ ഉമ്മയുടെ ആഭരണങ്ങൾ എല്ലാ അനന്തരാവകാശികൾക്കിടയിലും അവരവരുടെ വിഹിതമനുസരിച്ച് വീതിക്കേണ്ടതുണ്ട്.

**ഇസാം ശിആർ (അന്താരാഷ്ട്ര മുസ്‌ലിം പണ്ഡിത സമിതി അംഗം)**
*(ഇസ്‌ലാം ഓൺ ലൈനിൽനിന്ന്)*